# VISION

## 2025-26



Academic

# MASTER PLAN

## 2025 & 2026

## GLPS

Anakkottupuram

# ജി എൽ പി എസ് ആനക്കോട്ടുപുറം

## സ്കൂൾ വിവരങ്ങൾ

1.റവന്യൂ ജില്ല: മലപ്പുറം

2 .സ്കൂൾ കോഡ്:18590

3 .സ്കൂളിന്റെ പേര്: ജിഎൽപിഎസ് ആനക്കോട്ടുപുറം

4. മേൽവിലാസം: തൃക്കലങ്ങോട് പി ഒ, മഞ്ചേരി, മലപ്പുറം ജില്ല

5.പിൻകോഡ്:676123

6 .ഫോൺ നമ്പർ:9995892484

7.ഇ–മെയിൽ അഡ്രസ്: anakkottupuram@gmail.com

8. ഗ്രാമപഞ്ചായത്ത്: തൃക്കലങ്ങോട്

9. വിദ്യാഭ്യാസ ജില്ല: മലപ്പുറം

10. സബ്ജില്ല: മഞ്ചേരി

11. ക്ലാസുകൾ: പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെ

12. മാനേജ്മെൻറ്: ഗവൺമെൻറ്

13. പഠനമാധ്യമം: ഇംഗ്ലീഷ്, മലയാളം

# ആമുഖം

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിൽ തൃക്കലങ്ങോട് വില്ലേജിലാണ് ആനക്കോട്ടുപ്പുറം ഗവൺമെൻറ് എൽ പി സ്കൂൾ സ്ഥിതി ചെയ്യുന്നത്.ആ പ്രദേശത്തെ ഏറ്റവും പഴക്കം ചെന്ന ഒരു വിദ്യാലയമാണ് ആനക്കോട്ടുപ്പുറം എൽ പി സ്കൂൾ. 70 വർഷത്തോളമായി പ്രദേശത്തെ കുട്ടികൾക്ക് ഗുണമേന്മയുള്ള സൗജന്യ വിദ്യാഭ്യാസം നൽകുന്നതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന ഒരു വിദ്യാലയമാണ് ആനക്കോട്ടുപുറം ജി.എൽ.പി.സ്ക്കൂൾ. തുടർച്ചയായി എൽഎസ്എസ് പരീക്ഷയിൽ മികച്ച വിജയം കൈവരിച്ചിട്ടുള്ള സ്കൂളിൽ, ഇംഗ്ലീഷ് പഠനത്തിന് പ്രത്യേകം ഊന്നൽ നൽകുന്നത് കുട്ടികളെ ഈ വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നു.

അക്കാദമിക രംഗത്തോടൊപ്പം തന്നെ കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു. അധ്യാപകർക്ക് കുട്ടികളുടെ മേലുള്ള സ്നേഹവും കരുതലും കുട്ടികളിൽ ആത്മവിശ്വാസം വളർത്താനും സഹായിക്കുന്നു.

കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യം ഒരുക്കുന്നു. അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പിടിഎയുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ നാട്ടുകാർ ജനപ്രതിനിധികൾ ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. സ്കൂൾ ക്യാമ്പസ് ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിൻറെ മുഖമുദ്രയാണ്.

# ആനക്കോട്ടുപുറം ജി എൽ പി സ്കൂളിന്റെ ചരിത്രം

തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിലെ തൃക്കലങ്ങോട് വില്ലേജിൽ ആനക്കോട്ടുപുറം എന്ന സ്ഥലത്താണ് ആനക്കോട്ടുപുറം ഗവൺമെൻറ് എൽ പി സ്കൂൾ സ്ഥിതിചെയ്യുന്നത്. 1954 ൽ സമീപത്തെ മദ്രസയിൽ ഏകാ ധ്യാപക വിദ്യാലയമായാണ് പ്രവർത്തനം ആരംഭിച്ചത്.

മൺമറഞ്ഞുപോയസുമനസ്സുകളുടെ പ്രയത്നഫലമായി സ്കൂളിനുവേണ്ടി 35 സെൻറ് സ്ഥലം വാങ്ങി സർക്കാരിൽ ഏൽപ്പിച്ചു. പനനിലത്ത് മൊയ്തീൻ എന്ന വ്യക്തി തുച്ഛമായ വിലക്ക് സ്ഥലം നൽകുകയായിരുന്നു. 1974 –75 കാലത്ത് അഞ്ചുമുറികളോട് കൂടിയ ഓടിട്ട കെട്ടിടം സർക്കാർ നിർമ്മിച്ചു നൽകി. 1996– 97 ഡിപി ഫണ്ടും പിടിഎ ഫണ്ടും സംയുക്തമായി ഉപയോഗിച്ച് പുതിയ കോൺക്രീറ്റ് കെട്ടിടം പണിതു. 2007 –2008 കാലത്തെ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കോമ്പൗണ്ട് വാൾ ഉണ്ടാക്കി. 2010 –11 കാലത്ത് ലഭിച്ച SSA ഫണ്ട് ഉപയോഗിച്ച്ക്ലാസ് മുറികൾ ടൈൽസ് ഇടുകയും ചുമർചിത്രങ്ങൾ വരക്കുകയും ചെയ്തു.

2015 –16 ൽ അന്നത്തെ പിടിഎ പ്രസിഡണ്ട് ശ്രീ തരകൻ അസീസിന്റെ ഉത്സാഹത്തിൽ പേര് വെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത ഒരു അഭ്യുദയകാംക്ഷി സംഭാവനയായി നൽകിയ ഒരു ലക്ഷം രൂപ കൊണ്ട് ഓഫീസ് മുറി ആകർഷകമാക്കി. 2016 –17 ൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് സ്കൂളിന്റെ ചിരകാലാഭിലാഷമായിരുന്ന കോൺഫ്രൻസ് ഹാൾ പണിപൂർത്തിയായി. വാർഡ് മെമ്പറുടെ സഹായത്തോടെ മൈത്രി ട്രേഡിങ് കമ്പനി മനോഹരമായ് നെയിംബോർഡ് നിർമ്മിച്ചു നൽകി. ഇന്ന് ആനക്കോട്ടുപുറം സ്കൂളിലെ എല്ലാ ക്ലാസും സ്മാർട്ട് ക്ലാസ്സ് റൂമുകളാണ്. ഇതിനാവശ്യമായ കമ്പ്യൂട്ടറുകളും പ്രൊജക്ടറുകളും പഞ്ചായത്ത് ഐടി വകുപ്പുമായി സഹകരിച്ച് നൽകിയവയാണ്. ആയിരത്തിൽപരം പുസ്തകങ്ങൾ ഉള്ള ഗ്രന്ഥശാല, ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ്, പോഷകസമൃദ്ധമായ ഉച്ചഭക്ഷണം, കലാകായിക രംഗത്തെ മികച്ച പ്രകടനം തുടങ്ങിയവ വിദ്യാലയത്തെവേറിട്ട് നിർത്തുന്നു. പഞ്ചായത്തിന്റെയും മുൻകാല വാർഡ് മെമ്പർമാരുടെയും എസ്എസ് എയുടെയും സ്ഥിരോത്സാഹികളായ പിടിഎ അംഗങ്ങളുടെയും അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന സ്റ്റാഫിന്റെയും സമയോചിത സഹകരണം കൊണ്ടാണ് ഇത്രയും നേട്ടങ്ങൾ എത്തിപ്പിടിക്കാ നായത്. വിദ്യാലയത്തിന് വേണ്ടി സമർപ്പിത മനസ്സോടെ സേവനം ചെയ്യുന്ന ശ്രീ. മുഹമ്മദ് അഷ്റഫ് B K ഇപ്പോഴത്തെ പിടിഎ പ്രസിഡണ്ടും ജസീന ടീച്ചർ , ഹെഡ്മിസ്ട്രസ്സുമാണ്. സ്കൂളിൻറെ വികസന ആവശ്യങ്ങളിൽ താല്പര്യത്തോടെ ഇടപെടുകയും ഭിന്ന വീക്ഷണങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുന്നവാർഡ് മെമ്പർ ശ്രീമതി ഷിഫാന ബഷീറിനോട് സ്ഥാപനം ഏറെ കടപ്പെട്ടിരിക്കുന്നു.

# അക്കാദമികം

## നേട്ടങ്ങൾ

LSS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികളെ ഇരുത്തി കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയും ചെയ്യുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധി പ്പിക്കുന്നത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാ നുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു. വിവിധ ക്ലബ് പ്രവർത്തനങ്ങളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴി യുന്നു.

പഞ്ചായത്ത്, സബ് ജില്ല തല കലാ കായിക മത്സരങ്ങളിൽ ഉയർന്ന വിജയം നേടാൻ ഈ സ്കൂളിലെ കുട്ടികൾക്ക് സാധിക്കുന്നു എന്നത് അക്കാദമിക മികവിന്റെ ഏറ്റവും വലിയ തെളിവാണ്

## പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി ഏറ്റവും കൂടുതൽ കുട്ടികൾ മികച്ച വിജയം നേടുന്നു. സ്കൂളിലെ എല്ലാ ക്ലാസ് റൂമുകളും സ്മാർട്ട് ആയെങ്കിലും ഐടി പഠനത്തിന് പ്രത്യേക സൗകര്യം ഇല്ല. ഡിജിറ്റൽ കാഴ്ചപ്പാടിലൂടെ മുന്നേറുന്ന ഈ കാലത്ത് പ്രത്യേകം സജ്ജമാക്കിയ ഐടി ലാബ് സ്കൂളിൽ ഇല്ല .

# ഭൗതികം

സ്കൂളിൻറെ സമഗ്ര വിദ്യാഭ്യാസ പുരോഗതിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളിൽ ആദ്യത്തേതാണ് കെട്ടിടം.

മിതമായ രീതിയിൽ പ്രകാശം ലഭിക്കുന്ന ക്ലാസ് റൂമുകൾ

എല്ലാ ക്ലാസ് റൂമുകളും ഡിജിറ്റൽ ക്ലാസ് റൂമുകൾ എന്നുള്ളത് പ്രത്യേകം എടുത്തു പറയേണ്ടതാണ്.

സസ്റ്റാഫ് റൂമോട് കൂടിയ വിശാലമായ ഓഫീസ് റൂം.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി വൃത്തിയുള്ള ശുചിമുറികൾ.

പാചകത്തിനും കുടിവെള്ളത്തിനുമായി കുഴൽ കിണർ വഴി ശുദ്ധജലം.

സർക്കാറിന്റെ കെ ഫോൺ മുഖേനയുള്ള ഇൻറർനെറ്റ് സൗകര്യം എല്ലാ ക്ലാസ് റൂമുകളിലും ലഭ്യമാണ്.

ആയിരത്തിലധികം പുസ്തകങ്ങളുള്ള ലൈബ്രറി.

കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിനായി നല്ല രീതിയിലുള്ള അടുക്കള.

കുട്ടികൾക്കായി സ്കൂൾ ബസ് ഉപയോഗിച്ചുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം ഈ വർഷത്തെ ഭൗതിക നേട്ടങ്ങളിൽ എടുത്തു പറയേണ്ട മറ്റൊന്നാണ്.

## പരിമിതികൾ

കാലഹരണപ്പെട്ട സ്കൂൾ കെട്ടിടം

ലൈബ്രറി റൂം

കമ്പ്യൂട്ടർ ലാബ്

ശാസ്ത്ര ലാബ്

ഗണിത ലാബ്

സ്കൂൾ ഗ്രൗണ്ട്

ഡൈനിങ് ഹാൾ

പഴകിയതും കാലഹരണപ്പെട്ടതുമായ ഫർണിച്ചറുകൾ

# സാമൂഹികം

## നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർ സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിലെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിന്റെ അംഗീകാരം പിടിച്ചു പറ്റിയവയും ആണ്.

## പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠന സമയത്തുള്ള ചില പ്രവർത്തനങ്ങൾ എങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ട്.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

**1.**ഭാഷാശേഷി വികസനം

**2.**ഗണിത ശേഷി വികസനം

**3.**ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ-

**4.**വായനാ ശേഷി വർദ്ധിപ്പിക്കൽ

**5.**ലൈബ്രറി ശാക്തീകരണം.

**6.**സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

**7.**പഠനയാത്രകൾ

**8.**സ്കൂൾ പത്രം, മാസിക.

**9.**അധ്യാപക ശാക്തീകരണം - സ്കൂൾ SRG

**10.**സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ

**11.**ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ

**12.**ഗവേഷണാത്മക പഠനം

**13.**കായിക ശേഷി വികസനം

**14.IT** പഠനം കാര്യക്ഷമ മാക്കൽ

**15.**ജന്മദിന പുസ്തകം.

**16.CPTA** കാര്യക്ഷമമാക്കൽ

**17.**ശാസ്ത്ര, ഗണിത ശാസ്ത്ര, പ്രവൃത്തി പരിചയമേളകൾ

# ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായ ി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം ( ശ്രദ്ധ,നവപ്രഭ ) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാശേഷി വികസനം അക്ഷരം ഉറപ്പിക്കൽ ചിഹ്നം ഉറപ്പിക്കൽ പദനിർമ്മാണം വാക്യനിർമ്മാണം ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | മൂന്നുമാസം | ക്ലാസ് ടീച്ചർ | പിടിഎ |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാർ ആക്കുക. | **1) ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ**<br><br>**2) ക്ലാസ് ലൈബ്രറി നവീകരിക്കൽ**<br><br>**3) പുതുവർഷം പുസ്തക വർഷം**<br><br>**4) ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കാൻ**<br><br>**5) വായനക്ക് ഒരു വാർഷിക പദ്ധതി ( ഓരോ ക്ലാസിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ )**<br><br>**6) സ്കൂൾ ലൈബ്രറി നവീകരണം**<br><br>**7) വായനോത്സവം**<br><br>**8) ജന്മദിന പുസ്തകം** | ആറുമാസം, മൂന്നുമാസം | ക്ലാസ് ടീച്ചർ | പിടിഎ |

## ഉപമേഖല : മലയാളം വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പത്രവായന പരിപോഷിപ്പിക്കുക | പത്രവായന പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം പത്ര ക്വിസ് | മൂന്നുമാസം ദിവസേന ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻ ചാർജ് മലയാളം അധ്യാപകർ | PTA |
| സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവെക്കൽ രചന ശില്പശാല കവിത കഥ കവിതാലാപന മത്സരം ക്ലാസ് തല സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ പുസ്തക ചർച്ച പുസ്തകാസ്വാദനം സാഹിത്യകാരനുമായി സംവദിക്കൽ അമ്മമാർക്ക് ഒരു പുസ്തകം വീട്ടുകളിലേക്ക് കുട്ടികൾ വശം.. | വർഷത്തിൽ ഒരു തവണ<br>മാസത്തിൽ ഒരുതവണ<br>ആറുമാസത്തിൽ ഒരിക്കൽ<br>ആഴ്ചയിൽ ഒരിക്കൽ | എസ് ആർ ജി വിദ്യാരംഗം<br>വിദ്യാരംഗം<br>എസ് ആർ ജി വിദ്യാരംഗം<br>വിദ്യാരംഗം | PTA<br>PTA<br>PTA<br>PTA |

## ഉപമേഖല : ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധശേഷിക ളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് | എസ് ആർ ജി | എസ് എസ് കെ ഫണ്ട് |

## പ്രധാന ദിനങ്ങൾ

**ജൂൺ** : **പരിസ്ഥിതി ദിനം, വായനാദിനം,യോഗാദിനം**

**ജൂലൈ** : **ബഷീർ ദിനം, ചാന്ദ്രദിനം**

**ആഗസ്റ്റ്** : **ഹിരോഷിമ ദിനം, നാഗസാക്കി ദിനം, സ്വാതന്ത്ര്യ ദിനം**

**സെപ്റ്റംബർ** : **അധ്യാപകദിനം ഓണാഘോഷം,**

**ഒക്ടോബർ** : **ഗാന്ധിജയന്തി**

**നവംബർ** : **കേരളപ്പിറവി ദിനം, ശിശുദിനം**

**ഡിസംബർ** : **എയ്ഡ്സ് ദിനം,ക്രിസ്മസ്**

**ജനുവരി** : **റിപ്പബ്ലിക് ദിനം**

**ഫെബ്രുവരി** : **ശാസ്ത്ര ദിനം**

# പഠനയാത്രകൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠ്യപദ്ധതിയോട് അനുബന്ധിച്ച് വ്യക്തിഗത പരിചയം പ്രായോഗിക അറിവ്, സാമൂഹിക ഓർമകളും കാഴ്ചപ്പാടുകളും വളർത്തുക. പഠനശേഷിയും വിജ്ഞാനക്ഷമതയും വർദ്ധിക്കുന്നതിപനൊപ്പം സംഘ പ്രവർത്തനത്തെ ഊർജ്ജസ്വലമാക്കുക. ചരിത്ര സ്മാരകങ്ങൾ മ്യൂസിയങ്ങൾ ചുമർചിത്രങ്ങൾ ക്ഷേത്ര കലകൾ കോട്ടകൾ തുടങ്ങിയവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നു. | സന്ദർശിക്കാനുള്ള സ്ഥാപനങ്ങൾ ശില്പശാലകൾ മ്യൂസിയങ്ങൾ എന്നിവയുടെ പട്ടിക തയ്യാറാക്കുന്നു. സ്ഥലത്തെ ചരിത്രം, പ്രാധാന്യങ്ങൾ എന്നിവയെ കുറിച്ച് പഠനരേഖ തയ്യാറാക്കുന്നു. സന്ദർശക സ്ഥലം ഗൈഡ് ഉപയോഗിച്ച് വിവരശേഖരണം നടത്തുന്നു. യാത്രയ്ക്കിടെ ലഘു സാംസ്കാരിക പരിപാടികൾ (കവിത ഗാനം നാടകങ്ങൾ) സംഘടിപ്പിക്കുന്നു. കാണാനിടയുള്ള സ്ഥലങ്ങളെക്കുറിച്ച് ചോദ്യങ്ങൾ തയ്യാറാക്കുന്നു. യാത്രയ്ക്ക് ശേഷം അനുഭവക്കുറിപ്പ് തയ്യാറാക്കി, മികച്ച .റിപ്പോർട്ടിന്/കുറിപ്പ് ഇവയ്ക്ക് അംഗീകാരം നൽകുന്നു. | വർഷത്തിലൊരിക്കൽ (ഡിസംബർ/ജനുവരി) | അധ്യാപകർ | രക്ഷിതാക്കൾ, പിടിഎ |

## ഉപമേഖല : സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് എൽഎസ്എസ് സ്കോളർഷിപ്പ് ലഭ്യമാക്കൽ | ചിട്ടയായ പരിശീലനം നൽകുന്നതിലൂടെ പരമാവധി കുട്ടികൾക്ക് എൽഎസ്എസ് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | ഒരു വർഷം | സ്കൂളിലെ എല്ലാ അധ്യാപകരും | |

# മേഖല

## അക്കാദമികം സാമൂഹികം

### ഉപമേഖല : സിപി ടിഎ ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ് പോരായ്മകൾ എന്നിവ തിരിച്ചറിയുന്നതിനും മുന്നോട്ട് എത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തുന്ന തിനും | സിപി ടി എ യോഗം കാര്യക്ഷമമായി നടത്തൽ,കുട്ടികളുടെ പഠന നേട്ടങ്ങൾ, പഠന തെളിവുകൾ അവതരണം., നേടാതെ പോയ പഠനലക്ഷ്യങ്ങളുടെ ചർച്ച | മാസം തോറും | എസ് ആർ ജി, ക്ലാസ് ടീച്ചർ. | എസ് എസ് കെ ഫണ്ട് |

## ഉപമേഖല : പ്രാദേശിക പിടിഎ (കോർണർ പിടിഎ)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രാദേശിക PTA രൂപീകരിക്കലും അക്കാദമിക കാര്യങ്ങൾ പങ്കുവെക്കലും സ്കൂൾ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തലും | പാഠ്യ പാഠ്യേതര വിഷയങ്ങളുടെ അവതരണത്തിനായി പ്രാദേശിക പിടിഎ നടത്തൽ( കോർണർ പിടി എ ) | വർഷത്തിൽ മൂന്ന് പ്രാവശ്യം | പിടിഎ എസ്.ആർ.ജി | എസ് എസ് കെ ഫണ്ട് |

# ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ യുള്ള കുട്ടികളുടെ അവതരണം | വർഷത്തിൽ മൂന്ന് തവണ | ശാസ്ത്ര ക്ലബ്ബ് | PTA |
| 2) ശാസ്ത്രമേളയിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ മൂന്ന് മാസം | ശാസ്ത്ര ക്ലബ് | പിടിഎ |
| 3) ശാസ്ത്ര ശില്പശാല സംഘടിപ്പിക്കൽ | ശാസ്ത്രവുമായി ബന്ധപ്പെട്ട പഠനോൽപ്പന്നങ്ങളു ടെ നിർമ്മാണം | വർഷത്തിൽ ഒരു തവണ | ശാസ്ത്ര ക്ലബ്ബ് | പിടിഎ |

## ഉപമേഖല : പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവ പച്ചക്കറികളുടെ പ്രാധാന്യം തിരിച്ചറിയുക. | സ്കൂളിൽ ഒരു പച്ചക്കറി തോട്ടം ഒരുക്കുന്നതിന് വേണ്ടി വിത്തുകൾ ശേഖരിക്കുന്നു. ശേഖരിച്ച വിത്തുകൾ നടുന്നു. | ജൂലൈ<br>സെപ്റ്റംബർ | ഹരിത ക്ലബ്ബ് | PTA |
| സ്കൂൾമുറ്റത്തെ പച്ചക്കറി തോട്ടം വിപുലപ്പെടുത്തുക. | ഹരിത ക്ലബ്ബ് രജിസ്റ്റർ ശാസ്ത്ര പഠനത്തിന്ഉപയോഗപ്പെടുത്തി നേർനുഭവം ഉറപ്പുവരുത്തൽ. | ആഗസ്റ്റ് | ഹരിത ക്ലബ്ബ്, എസ് ആർ ജി | PTA |
| ഹരിത ക്ലബ്ബ് രജിസ്റ്റർ നാട്ടുമാവ് സംരക്ഷണം. | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ സംരക്ഷണം ഒരുക്കൽ | ജൂലൈ – സെപ്റ്റംബർ<br>എല്ലാദിവസവും | എസ് ആർ ജി ഹരിത ക്ലബ്ബ് | PTA |

# ഉപമേഖല : ഗണിതം

## (Sub-program: Mathematics)

| ലക്കം (No.) | പ്രമേയം (Topic) | കാലം (Time) | ചെലവ് (Cost) | സഹായി (Supporter) | ഉപന്യാസം (Contribution) |
|---|---|---|---|---|---|
| 1 | കുട്ടികൾക്ക് ഗണിതത്തിൽ പ്രതിഭ കാണിക്കുന്നതിനായി ഗണിത മേളകൾ സംഘടിപ്പിക്കുക | ജനുവരി - ജൂൺ | PTA | ഗണിതക്ലബ് | PTA |
| 2 | ഗണിതത്തിൽ അധ്യാപക പരിശീലനം | ജൂൺ, ജൂലൈ | 1 മാസം | ഗണിതക്ലബ് | PTA |
| 3 | ഗണിത മേളയിൽ പങ്കാളികൾക്ക് വിജ്ഞാനപരമായ ഉപകരണങ്ങൾ നൽകുക | ജൂൺ | - | ഗണിതക്ലബ് | - |
| 4 | ഗണിതം ജീവിക്കും – അധ്യാപരുമായി കൂടി വിദ്യാർത്ഥികൾക്ക് ഗണിത ഉപകാരണങ്ങൾ ഒരുക്കുന്നത് | 1 വർഷം | - | ഗണിതക്ലബ് | |

## ഉപമേഖല: പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടി കൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ,ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ | ഒരു വർഷത്തിൽ ഒരു മാസം | SRG | |

## ഉപമേഖല:കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലെത്തിക്കൽ<br><br>ഷെട്ടിൽ പരിശീലനം | എല്ലാ ദിവസവും കായിക പിരിയേഡ് | കായികാദ്ധ്യാപന ചുമതലയുള്ള ആൾ | SSK |

## ഉപമേഖല : കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ സർഗ്ഗവാസന പരിപോഷിപ്പിക്കൽ | 1) സർഗ്ഗ വേളയിൽ കുട്ടികളുടെ കലാപ്രകടനങ്ങൾക്ക് അവസരം നൽകൽ | എല്ലാ വെള്ളി ആഴ്ചയും | ക്ലാസ് അധ്യാപിക | |
| 2)പാട്ടരങ്ങ് ശില്പശാല സംഘടിപ്പിക്കൽ | പാഠഭാഗത്തിലെ വായ്ത്താരികൾ അടങ്ങുന്ന പാട്ടുകൾ ചിരട്ട,കുപ്പി, കമ്പ് എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് താളം പിടിക്കുന്നു, കൂടുതൽ വായിത്താരികൾ പരിചയപ്പെടുന്ന | വർഷത്തിൽ മൂന്ന് തവണ | വിദ്യാരംഗം ക്ലബ്ബ് | പിടിഎ |

## ഉപമേഖല : ഹ്രസ്വകാല പരിപാടികൾ

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അനായാസമായ ി എഴുതാനും വായിക്കുന്നതിനു ള്ള ശേഷി വികസനം | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിലൂടെ പദങ്ങളും വാക്യങ്ങളും നിർമ്മിക്കാനുള്ള ശേഷി വികസിപ്പിക്കൽ | ക്ലാസ് ടീച്ചർ | രണ്ടുമാസം | പിടിഎ |

# മധ്യകാലപരിപാടികൾ

സ്കൂളിൽ ഒരു വർഷകാലത്തേക്ക് നടത്തുന്ന പ്രവർത്തനങ്ങളാണ് മധ്യകാലപരിപാടികളിൽ ഉൾപെടുത്തുക

## ടാലന്റ് ലാബ്

കുട്ടികളുടെ വിവിധങ്ങളായ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനും അവ പ്രോത്സാഹിപ്പി ക്കുന്നതിനുമായി സ്കൂളുകൾ കേന്ദ്രീകരിച്ച് ആരംഭിച്ച പദ്ധതിയാണ് ടാലന്റ് ലാബ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ പൊതു വിജ്ഞാനം വർധിപ്പിക്കാനും പരിപോഷിപ്പിക്കാനും , അന്വേഷണ ത്വര വർധിപ്പിക്കാനും | Daily Quiz | **ജൂൺ – മാർച്ച്** | ക്ലാസ് അദ്ധ്യാപക ർ | |
| ക്ലാസ് പത്രം | അസ്സംബ്ലിയിൽ പ്രദർശനം | **ജൂൺ – മാർച്ച്** | ക്ലാസ് അദ്ധ്യാപക ർ | |
| Chess | Chess മത്സരം<br><br>പരിശീലനം | ജൂലൈ | SRG | പഞ്ചായത്ത് |
| | | | | |

# ദീർഘകാല പരിപാടി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക | 1) പുതിയ കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കി S.S. K ക്ക് കൈമാറുന്നു | 3 വർഷം<br>ചുമതല<br>SSK & പഞ്ചായത്ത്<br>സാമ്പത്തികം<br>ഒന്നരക്കോടി | SSK & പഞ്ചായത്ത് | ഒന്നരക്കോടി |
| | 2) കുട്ടികളുടെ ആരോഗ്യ കായിക വിദ്യാഭ്യാസത്തിനായി കളിസ്ഥലം കണ്ടെത്തുന്നു, തുടർ നടപടികൾക്കായി SSK ക്ക് കൈമാറുന്നു. | 2 വർഷം | SSK & PTA | 50 ലക്ഷം |
| | 3) സ്കൂളിന്റെ സുരക്ഷയ്ക്കായി 35 സെന്റ് സ്ഥലത്ത് ചുറ്റമതിൽ നിർമിക്കൽ | 2 വർഷം | SSK & പഞ്ചായത്ത് | 25 ലക്ഷം |
| | 4)സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി സ്കൂളിന് മുന്നിൽ ഒരു പൂന്തോട്ടം നിർമ്മിക്കൽ | 2 വർഷം | SSK and SRG | 5 ലക്ഷം |
| | 5) പാർക്ക് നവീകരണം | രണ്ടുവർഷം | SSK & PTA | 20 ലക്ഷം |

# ഉപസംഹാരം

ആനക്കോട്ടു പുറം ജി എൽ പി. സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളിന്റെ പാഠ്യ- പാഠ്യതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാ ബോധത്തോ ടെ തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണ -മായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങൾ ളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾ-ക്കുള്ളത്. പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

# THANK YOU

# ENGLISH

# THANATHU

ACADEMIC

# MASTER PLAN

## 2025 – 26

## GLPS

## ANAKKOTTUPURAM

# INTRODUCTION

Anakkottupuram GILP School has taken up English language development as a unique activity (SPLASH) for the academic year 2025.26. Continuing on last year's activities, more activities are being Implemented this year.

This decision to focus more on English language development was made after realizing that even english medium schools in public education  are lagging in handling English language. For this, the academic master plan is created.

# Objectives

- ➔ Communicate Confidendly in English
- ➔ Indipendend reading and writing of English compositions.
- ➔ To Enhance Student's English language Skills,
- ➔ To participate confidently in global Interactions
- ➔ To enhance communication skills, boosts Confidence.

| Sl. No | Activity | Duration | Responsibility | Fund |
|---|---|---|---|---|
| 1 | English Corner - Expansion | Aug - Mar | Class Teacher | PTA |
| 2 | English Theatre | Aug - Mar | Class Teacher | PTA |
| 3 | One Week - One Command | Aug - Mar | Class Teacher | PTA |
| 4 | English Diary (All Classes) | Sep - Mar | English Teacher | PTA |
| 5 | English Dictionary Making | Sep - Mar | Class Teacher | PTA |
| 6 | English Magazine Making | October | English Club | PTA |
| 7 | English Exhibition | November | English Club | PTA |
| 8 | English Newspaper Making | November | English Club | PTA |
| 9 | English Test | January | English Club | PTA |

| Sl. No | Activity | Duration | Responsibility | Fund | Remarks |
|---|---|---|---|---|---|
| 1 | English Club Inauguration | June | English Teacher (EN) | PTA | Inauguration of English Club |
| 2 | Vocab Star Test | July – March | Class Teachers | PTA | A word is given daily; at the end of the month, a vocab test is conducted to find the "Vocab Star of the Month" |
| 3 | Cursive Writing | July – March | Class Teachers | PTA | For students from Pre-Primary to 4th Standard |

# THANK YOU

# صوت العربية

## അറബി ഭാഷയുടെ

## സ്വരം

# الخطة الرئيسية

# الأكاديمية العربية

# ٢٠٢٥ - ٢٦

## ARABIC

*ACADEMIC*

# MASTER PLAN

# 2025 – 26

**ജി എൽ പി എസ്**

**ആനക്കോട്ടുപ്പുറം**

# <u>ലക്ഷ്യങ്ങൾ</u>

1. **അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കിവായിക്കാനും എഴുതാനുമുള്ള കഴിവ്.**
2. **ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം .**
3. **ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു .**
4. **കഥ, കവിത എന്നിവ കേട്ട് ആസ്വാദിക്കുന്നു**
5. **മാഗസിൻ നിർമ്മാണം .**
6. **ദിനാചരണങ്ങൾ പരിചയപ്പെടുത്തുന്നു**

| **ഉപലക്ഷ്യങ്ങൾ** | **ഉപ ലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ** | **നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം** | **ഓരോ ഘട്ടത്തിലേയും പ്രതീക്ഷിത തെളിവുകൾ** | **പൊതു സമൂഹത്തിന്റെ മുമ്പിൽ പങ്കിടുന്ന രീതികൾ** | **നിർവ്വഹണ കാലയളവ്** |
|---|---|---|---|---|---|
| അക്ഷര വായന<br>എഴുത്ത് രീതി<br>ചിഹ്നങ്ങൾ<br>ചേർത്ത് വായന<br><br>**പദനിർമാണം**<br>**പദശേഖരണം**<br><br>ഉപചാര വാക്കുകൾ<br>മനസിലാക്കുന്നു | അക്ഷര കാർഡുകൾ നൽകുന്നു<br>അക്ഷരങ്ങൾക്ക് നിറം നൽകുന്നു<br>ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>അക്ഷരങ്ങൾ ഔട്ട് ലൈൻ നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>ഐ സി ടി ഉപയോഗിക്കുന്നു<br><br>അക്ഷര കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br><br>പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br><br>പദ നിർമ്മാണ മത്സരം നടത്തുന്നു | തെറ്റായ രീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>അക്ഷര പഠന സഹായി ഉപയോഗിക്കുന്നു<br><br>വീടുകളിൽ അക്ഷര ചാർട്ട്<br><br>രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br><br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണ ശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു<br><br>കുട്ടികൾ വായിക്കുന്നു ഉച്ചാരണ ശുദ്ധി | CPTA<br><br>CPTA<br><br>CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br><br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |

| | | | | | |
|---|---|---|---|---|---|
| | പാഠ പുസ്തകത്തിലെ ഉപചാര വാക്കുകൾ ......................... നിത്യേന ക്ളാസ്സിൽ സന്ദർഭങ്ങൾക്കനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസരിച്ച് പറഞ്ഞ് ശീലിക്കാൻ | ഉണ്ടാകുന്നു 2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | | ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ നവംബർ |
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം<br><br>ദിനാചരണങ്ങൾ പരിചയപ്പെടൽ | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു<br><br>ചിത്രങ്ങൾ വരക്കാം<br><br>ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | ചെറിയ കഥാ കവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ളാസ്സിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു<br><br>രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരക്കുന്നതിനും സഹായം തേടുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ചതെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | **CPTA** | ഡിസംബർ - മാർച്ച്<br><br>ജൂൺ - മാർച്ച് |

# അറബിക് അസംബ്ലി

ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക (1 വർഷം )

# അറബിക് ഫെസ്റ്റ്

അറബിക് ദിനത്തിൽ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുക.

### കാര്യപരിപാടികൾ

- ഉദ്ഘാടനം
- സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളിൽ ഉന്നതസ്ഥാനം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ആദരിക്കുന്നു.
- അറബി സാഹിത്യകാരൻ/പണ്ഡിത്‍ പങ്കെടുപ്പിക്കൽ.
- അറബിക് ഡോക്യുമെൻററി പ്രദർശനം.
- അറബി എക്സിബിഷൻ.

# എഴുത്ത്

- കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ.
- ഓരോ കുട്ടിക്കും പ്രത്യേകം വർക്ക് ഷീറ്റുകളും, കോപ്പികളും നൽകി നസ്ഖ് റുക്കയീ പരിശീലിപ്പിക്കൽ

# മത്സരങ്ങൾ

മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ട് അറബിക് മത്സരങ്ങൾ സംഘടിപ്പിക്കുക.

1 കിസ്സ്
2 കഥ പറയൽ
3 കവിത ചൊല്ലൽ
4 കളറിംഗ്
5 ഖുർആൻ പാരായണം

# ദിനാചരണങ്ങൾ

സ്കൂളിൽ നടത്തുന്ന എല്ലാ ദിനാചരണങ്ങളിലും അറബിക് ക്വിസ്, പോസ്റ്റർ നിർമ്മാണം സംഘടിപ്പിക്കുക